# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

18.12.2014 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 4632

## പൊതു വിദ്യാഭ്യാസ വകുപ്പിൽ വിവരാവകാശ നിയമവും സേവനാവകാശ നിയമവും നടപ്പാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. ബെന്നി ബഹനാൻ<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) പൊതു വിദ്യാഭ്യാസ വകുപ്പിൽ വിവരാവകാശനിയമവും സേവനാവകാശനിയമവും നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;<br><br>(ബി) സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;<br><br>(സി) വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ തീർപ്പാക്കാൻ ഇൻഫർമേഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) യും (ബി) യും (സി) യും<br>പൊതു വിദ്യാഭ്യാസ വകുപ്പിൽ വിവരാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് ആവശ്യമായ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെയും അപ്പീൽ അധികാരികളെയും സ്ഥാനനിർദ്ദേശം ചെയ്തിട്ടുണ്ട്. വിവരാവകാശ നിയമം, 2005 ലെ സെക്ഷൻ 4 പ്രകാരം സ്വമേധയാ വെളിപ്പെടുത്തേണ്ട വിവരങ്ങൾ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ (www.education.kerala.gov.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർക്കാർ സ്കൂളുകളിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെയും അപ്പീൽ അധികാരികളെയും സ്ഥാനനിർദ്ദേശം ചെയ്തിട്ടുണ്ട്. എയ്ഡഡ് മേഖലയിലെ സ്കൂളുകളിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെയും അപ്പീൽ അധികാരികളെയും 09-01-2014 തീയതിയിലെ സ.ഉ. (എം.എസ്) നം. 10/2014/പൊ.വി.വ. ഉത്തരവ് പ്രകാരം സ്ഥാനനിർദ്ദേശം ചെയ്തിട്ടുണ്ട്.<br><br>സേവനാവകാശനിയമപ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കൻഡറി വിദ്യാഭ്യാസ ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസ ഡയറക്ടർ എന്നീ വകുപ്പ് തലവന്മാരുടെ കാര്യാലയങ്ങളിലും പരീക്ഷാകമ്മീഷണറുടെ കാര്യാലയത്തിലും നൽകിവരുന്ന സേവനങ്ങളെകുറിച്ചും അപേക്ഷകളിൻമേൽ തീരുമാനമെടുക്കേണ്ട സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നാം അപ്പീൽ അധികാരി, |

| | |
|---|---|
| | രണ്ടാം അപ്പീൽ അധികാരി തുടങ്ങിയ വിശദാംശങ്ങളും 24.04.2013 തീയതിയിലെ 334/2013 നമ്പർ എസ്.ആർ.ഒ. (സ.ഉ.(പി) നമ്പർ145/2013/ പൊ.വി.വ.) പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. കൂടാതെ സേവനാവകാശനിയമം നടപ്പാക്കുന്നതിനായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള വിവിധ സർക്കുലറുകളിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുവാൻ വകുപ്പ് തലവന്മാർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. |
| (ഡി) പ്രസ്തുത നിയമം സംബന്ധിച്ച് ബന്ധപ്പെട്ട വർക്കിടയിൽ വേണ്ടത്ര പ്രചരണം നൽകുന്നകാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം? | *(ഡി)* വിവരാവകാശനിയമം, സേവനാവകാശ നിയമം എന്നിവയുമായി ബന്ധപ്പെട്ട് വേണ്ടത്ര പ്രചരണം നൽകിയിട്ടുണ്ട്. |

[signature]

**സെക്ഷൻ ഓഫീസർ**